**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **03-02-2026 - ൽ മറുപടിയ്ക്ക്**

**പാട്ടകുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ എത്ര കോടി രൂപ കുടിശിക ലഭിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ പിരിച്ചെടുക്കുവാനുള്ള തുക 408.53 കോടി രൂപയാണ്. ആയതിൽ കോടതി സ്റ്റേ ഉള്ളത് കാരണം 390.81 കോടി രൂപ പിരിച്ചെടുക്കുവാൻ കഴിയാതെയുണ്ട്. പിരിച്ചെടുക്കുവാൻ കഴിയുന്ന തുക 17.72 കോടിയാണ്. ആയതിൽ 3.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 14.55 കോടി രൂപ ഇനിയും പിരിച്ചെടുക്കുവാനുണ്ട് (2025 നവംബർ ഡി.സി.ബി. പ്രകാരം). ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് (കോടിയിൽ) അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പാട്ടക്കുടിശിക വരുത്തിയ എത്ര പേർക്ക് നോട്ടീസ് നൽകുകയും പാട്ടം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പാട്ടക്കുടിശിക വരുത്തിയതിൽ നോട്ടീസ് നൽകിയ കേസുകളുടെയും പാട്ടം റദ്ദാക്കിയ കേസുകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (കാസർഗോഡ് ജില്ല ഒഴികെ ) അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പാട്ടക്കുടിശികയിൽ ഇളവ് നൽകികൊണ്ട് കുടിശിക പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും ഈ ഇളവുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (സി) | 1964 ലെയും 1995 ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ട തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടകുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭ്യമായിട്ടുള്ളതും, ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് (കോടിയിൽ)

| ജില്ല | പിരിഞ്ഞു കിട്ടാനുള്ള തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 8.05 |
| കൊല്ലം | 0.38 |
| പത്തനംതിട്ട | 0.61 |
| ആലപ്പുഴ | 1.15 |
| കോട്ടയം | 0.55 |
| ഇടുക്കി | 0.07 |
| എറണാകുളം | 0.68 |
| തൃശ്ശൂർ | 0.00 (7262/- രൂപ) |
| പാലക്കാട് | 0.01 |
| മലപ്പുറം | 1.93 |
| കോഴിക്കോട് | 0.41 |
| വയനാട് | 0.39 |
| കണ്ണൂർ | 0.27 |
| കാസറഗോഡ് | 0.05 |
| **ആകെ** | **14.55** |

**<u>അനുബന്ധം</u>**

| ക്രമ നം. | ജില്ല | നോട്ടീസ് നൽകിയ കേസുകളുടെ എണ്ണം | പാട്ടം റദ്ദ് ചെയ്ത കേസുകളുട എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 27 | – |
| 2 | കൊല്ലം | – | – |
| 3 | പത്തനംതിട്ട | 163 | 104 |
| 4 | ആലപ്പുഴ | 5 | – |
| 5 | കോട്ടയം | – | – |
| 6 | ഇടുക്കി | 6 | 4 |
| 7 | എറണാകുളം | 53 | 13 |
| 8 | തൃശ്ശൂർ | 4 | 4 |
| 9 | പാലക്കാട് | 4 | – |
| 10 | മലപ്പുറം | – | – |
| 11 | കോഴിക്കോട് | 9 | – |
| 12 | വയനാട് | 2 | – |
| 13 | കണ്ണൂർ | – | 2 |
| 14 | കാസർഗോഡ് | | |

* തിരുവനന്തപുരം ജില്ലയിൽ 4 കേസുകളിൽ സർക്കാർ ഉത്തരവ് പ്രകാരം ഭൂമി തിരിച്ചെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്.